വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
തൃശ്ശൂർ.

നം. എച്ച്2/20147/16

തിയതി 18/10/2016

പ്രേഷിത

വിദ്യാഭ്യാസ ഉപഡയറക്ടർ
തൃശ്ശൂർ.

സ്വീകർത്താവ്

ജില്ലാ വിദ്യാഭ്യാസ ആഫീസർ

സർ,

വിഷയം : ദേശീയോദ്ഗ്രഥനവും മതസൗഹാർദ്ദവും 2016–17 വർഷം– – ഉപന്യാസ മൽസരം നടത്തുന്നത് – –സംബന്ധിച്ച്.

സൂചന : 1. പൊതു ഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ 29/9/16 ലെ എസ്. ഡി2/63/16 നം. കത്ത്.

2. 18/10/16 ലെ ഡപ്യൂട്ടി കളക്ടറുടെ ചേംബറിൽ നടന്ന യോഗ തീരുമാനങ്ങൾ.

മേൽ വിഷയത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ദേശീയോദ്ഗ്രഥനവും മതസൗ 25/10/2016 ന് 10.30 ഹാർദ്ദവും പരിപോഷിപ്പിക്കുന്നതിനായി സ്ക്കൂൾ വിദ്യാർത്ഥികൾക്കായി മുതൽ 12.30 വരെ തൃശ്ശൂർ മോഡൽ ഗേൾസ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്ക്കൂൾ ഹാളിൽ വെച്ച് ഒരു ഉപന്യാസ മത്സരം സംഘടിപ്പിക്കുന്നതിനായി മേൽ സൂചന കത്തുകൾ പ്രകാരം തീരുമാനിച്ചിരിക്കുന്നു. ജില്ലയിലെ ഓരോ സ്ക്കൂളുകളിൽ നിന്നും 9 മുതൽ 12 വരെ യുള്ള ക്ലാസുകളിൽ നിന്ന് 1 കുട്ടിയെ വീതം തെരഞ്ഞെടുത്ത് മത്സരത്തിൽ പങ്കെടുക്കുന്നതി നായി അതാത് ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ എല്ലാ പ്രധാന അധ്യാപകർക്കും നിർദ്ദേശം നൽകേണ്ടതും പങ്കെടുക്കുന്ന കുട്ടിയുടെ പേര്, വിദ്യാലയത്തിന്റെ പേര്, സ്റ്റാൻഡേർഡ് എന്നിവ അടങ്ങിയ ലിസ്റ്റ് ഓരോ ജില്ലാ വിദ്യാഭ്യാസ ആഫീസർമാരും 20/10/16 (വ്യാഴം) 3.00 പി. എം. ന് മുമ്പ് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

രണ്ട് മണിക്കൂർ സമയത്തിനുള്ളിൽ 600 വാക്കുകളിൽ മലയാള ഭാഷയിൽ നടത്തുന്ന മത്സരത്തിനായി പങ്കെടുക്കുന്ന വിദ്യാർത്ഥികൾ അതാത് പ്രധാന അധ്യാപകരുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതും മത്സരത്തിന് ഒരു മണിക്കൂർ മുമ്പ് മത്സര കേന്ദ്രത്തിലെ കൗണ്ടറിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതുമാണ്. പ്രസ്തുത മത്സരം സുഗമമാക്കി നടത്തുന്നതിനു വേണ്ട എല്ലാ ക്രമീകരണങ്ങളും ഏർപ്പെടുത്തുകയും, മത്സരത്തിനുശേഷം മത്സര ഉപന്യാസങ്ങൾ മൂല്യ നിർണ്ണയം നടത്തുന്നതിനായി പാക്കറ്റുകളിലാക്കി സീൽ ചെയ്ത് കളക്ടറേറ്റിൽ എത്തിക്കു കയും ചെയ്യുവാൻ തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ആഫീസറെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശ്ശൂർ.

For Circular to HMs
18/10/16
DEO TCR

ഭീ 18/10

ഡി5/പിവിഎൽ/2016 തീ /10/2016

പ്രഥമാധ്യാപകർ

ദേശീയോദ്ഗ്രഥനവും മതസൗഹാർദ്ദവും എന്ന വിഷയത്തിൽ 20/10/16-നു മുൻപായി മത്സരം നടത്തി 11.00 മണിയ്ക്ക് മുൻപായി ഒന്നാം സ്ഥാനം നേടിയ വിദ്യാർത്ഥിയുടെ പേരു വിവരങ്ങൾ ഈ കാര്യാലയത്തിലേക്ക് അറിയിക്കുകയും, 25/10/16-ന് മോഡൽ ഗേൾസ് സ്കൂളിൽ വെച്ച് നടത്തുന്ന ജില്ലാതല മത്സരത്തിൽ പങ്കെടുപ്പിക്കാൻ വേണ്ട ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

OFFICE OF THE DISTRICT EDUCATION OFFICER
PIN 680 020
THRISSUR

18/10/16

ഡി.ഇ.ഒ തൃശൂർ.

Scanned by CamScanner